**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1543** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഭൗമസൂചിക പദവി ലഭിച്ച ഉത്പന്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഭൗമസൂചിക പദവി ലഭിച്ച കേരളത്തിലെ ഉത്പന്നങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തു ഭൗമ സൂചിക ലഭിച്ചിട്ടുള്ള കാർഷികോത്പന്നങ്ങൾ 1. പൊക്കാളി അരി 2. വാഴക്കുളം കൈതച്ചക്ക 3. മധ്യ തിരുവിതാംകൂർ ശർക്കര 4. വയനാട് ജീരകശാല അരി 5. വയനാട് ഗന്ധകശാല അരി 6. കൈപ്പാട് അരി 7. ചെങ്ങാലിക്കോടൻ നേന്ത്രൻ 8. നിലമ്പൂർ തേക്ക് 9. മറയൂർ ശർക്കര 10. തിരൂർ വെറ്റില 11. കുറ്റ്യാട്ടൂർ മാങ്ങ 12. എടയൂർ മുളക് 13. പാലക്കാട് മട്ട അരി 14. ഞവര അരി 15. ആലപ്പുഴ ഗ്രീൻ ഏലം 16. മലബാർ കുരുമുളക് 17. വയനാട് റോബസ്റ്റ കോഫി 18. മൺസൂൺഡ് മലബാർ അറബിക്ക കോഫി 19. മൺസൂൺഡ് മലബാർ റോബസ്റ്റ കോഫി മറ്റുൽപന്നങ്ങൾ A) ആറന്മുള കണ്ണാടി B) ആലപ്പുഴ കയർ C) പാലക്കാടൻ മദ്ദളം D) തഴപ്പായ E) ബ്രാസ് ബ്രോയ്ഡ്രെഡ് കോക്കനട്ട് ഷെൽ ക്രാഫ്റ്റ് F) കണ്ണൂർ ഹോം ഫർണിഷിങ് G) ബാലരാമപുരം സാരിയും കോട്ടൺ ഫാബ്രിക്സും H) കാസർഗോഡ് സാരി I) കുത്തമ്പുള്ളി സാരി J) പയ്യന്നൂർ പവിത്ര മോതിരം K) ചേന്ദമംഗലം മുണ്ടും സെറ്റും മുണ്ടും L) കുത്തമ്പുള്ളി മുണ്ടും സെറ്റും മുണ്ടും M) കരുനാഗപ്പള്ളി തഴപ്പായ N) കോക്കനട്ട് ഷെൽ കരകൗശല വസ്തുക്കൾ |
| (ബി) | ഭൗമസൂചിക പദവിയുള്ള ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന കർഷകന് ലഭിക്കുന്ന പ്രയോജനങ്ങൾ എന്താണെന്ന് അറിയിക്കാമോ; | (ബി) | ഉല്പാദകർക്കു തനത് ഉത്പന്നങ്ങളുടെ മേൽ നിയമപരമായ സംരക്ഷണം ലഭിക്കുന്നു. രജിസ്റ്റർ ചെയ്യപ്പെട്ട ഭൗമ സൂചകം മറ്റാരെങ്കിലും അനധികൃതമായി ഉപയോഗിക്കുന്നത് തടയാനാകും. ഗുണമേന്മ ഉറപ്പാക്കുന്നതിനാൽ മെച്ചപ്പെട്ട വിപണി ലഭിക്കുന്നു. അതിനാൽ തന്നെ തനതായ ഉത്പന്നങ്ങളുടെ പരിപോഷണം സാധ്യമാകുന്നു. ഇതര രാജ്യങ്ങളിൽ ഉത്പന്നങ്ങൾക്ക് നിയമ സംരക്ഷണം ലഭിക്കണമെങ്കിൽ മാതൃ രാജ്യത്തിൽ ഭൗമ സൂചകമായി സംരക്ഷിക്കപ്പെടണം. |

| | | | |
|---|---|---|---|
| (സി) | കുറ്റ്യാടി തെങ്ങിന് ഭൗമസൂചിക പദവി ലഭിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടികൾ കൈക്കൊള്ളുമോ? | (സി) | ഇല്ല. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ